(ബി) ബ്ലോക്ക് പഞ്ചായത്ത് കേരളോത്സവം നവംബർ 10 മുതൽ 30 വരെ സംഘടിപ്പിക്കുവാൻ ആവശ്യമായ നിർദ്ദേശം നൽകിയിട്ടുണ്ട്. ജില്ലാതല കേരളോത്സവം ഡിസംബർ 1 മുതൽ 14 വരെ സംഘടിപ്പിക്കണമെന്ന നിർദ്ദേശം എല്ലാ ജില്ലാ പഞ്ചായത്തുകൾക്കും നൽകിയിട്ടുണ്ട്. സംസ്ഥാനതല കേരളോത്സവം കേരള സംസ്ഥാന യുവജനക്ഷേമ ബോർഡിന്റെ നേതൃത്വത്തിൽ 2015 ഡിസംബർ അവസാന വാരം സംഘടിപ്പിക്കുവാനും തീരുമാനിച്ചിട്ടുണ്ട്.

സ്കൂളുകൾക്കും ക്ലബ്ബുകൾക്കും സ്പോർട്സ് കിറ്റ്

259(2466) ശ്രീ. വി. റ്റി. ബൽറാം :
ശ്രീ. ഹൈബി ഈഡൻ :
ശ്രീ. ഷാഫി പറമ്പിൽ :
ശ്രീ. പി. സി വിഷ്ണുനാഥ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികവർഗ്ഗക്ഷേമവും യുവജനകാര്യവും കാഴ്ചബംഗ്ലാവുകളും മൃഗശാലകളും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സ്കൂളുകൾക്കും ക്ലബ്ബുകൾക്കും സ്പോർട്സ് കിറ്റ് നൽകുന്ന പരിപാടി സംഘടിപ്പിച്ചിട്ടുണ്ടോ;

(ബി) എന്തെല്ലാം ഉദ്ദേശ്യലക്ഷ്യങ്ങളാണ് ഇതുവഴി കൈവരിക്കാൻ ഉദ്ദേശിക്കുന്നത്; വിശദാംശങ്ങൾ എന്തെല്ലാം;

(സി) ഇത് നടപ്പാക്കാൻ ഭരണതലത്തിൽ എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ട്?

ഉത്തരം

(എ) ഉണ്ട്.

(ബി) കായികരംഗത്ത് യുവജനങ്ങളുടെ പങ്കാളിത്തം വിപുലീകരിക്കുക, യുവജനക്ലബ്ബുകൾക്കും സ്കൂളുകൾക്കും കായിക പ്രോത്സാഹനം നൽകുക, ഇതുവഴി ആരോഗ്യമുള്ള ഒരു യുവ ജനതയെ വാർത്തെടുക്കുക, യുവാക്കളുടെ കായിക ക്ഷമത മെച്ചപ്പെടുത്തുക തുടങ്ങിയ ലക്ഷ്യങ്ങളാണ് പ്രസ്തുത പദ്ധതിവഴി കൈവരിക്കാനുദ്ദേശിക്കുന്നത്. കേരള സംസ്ഥാന യുവജനക്ഷേമ ബോർഡ് യൂത്ത് ക്ലബ്ബുകൾക്കും, സർക്കാർ-എയ്ഡഡ് സ്കൂളുകൾക്കും സ്പോർട്സ് കിറ്റ് വിതരണം ചെയ്യുന്നതിനായി രൂപീകരിച്ച പ്രസ്തുത പദ്ധതിയുടെ ഭാഗമായി സംസ്ഥാനത്താകെ 2000 യൂത്ത് ക്ലബ്ബുകൾക്കും സ്കൂളുകൾക്കുമായി സ്പോർട്സ് കിറ്റ് വിതരണം ചെയ്യുന്നു. ഫുട്ബോൾ, വോളിബാൾ, വോളിബാൾ നെറ്റ്, ഷട്ടിൽ ബാറ്റ്, ഷട്ടിൽ കോർക്ക്, ടെന്നീസ് ബോൾ, ക്രിക്കറ്റ് സ്റ്റമ്പ് വിത്ത് ബെയിൽസ്, ക്രിക്കറ്റ് ബാറ്റ്, ചെസ് ബോർഡ്, സ്കിപ്പിംഗ് റോപ്പ്, ഷട്ടിൽ നെറ്റ് എന്നിവ അടങ്ങിയതാണ് ഒരു സ്പോർട്സ് കിറ്റ്. YEAR-2015-ന്റെ ഭാഗമായി നടക്കുന്ന സംസ്ഥാനതല കായികോപകരണങ്ങളുടെ വിതരണ ഉദ്ഘാടനത്തിന് ശേഷം മറ്റ് എല്ലാ ജില്ലകളിലും ജില്ലാതലത്തിൽ സ്പോർട്സ് കിറ്റ് വിതരണം നടത്തുന്നതാണ്.

LIBRARY ARCHIVES Kerala Legislative Assembly

(സി) 2013-14 സാമ്പത്തിക വർഷം 12,12,752 രൂപയുടെ സ്പോർട്സ് കിറ്റ് തിരുവനന്തപുരം ജില്ലയിലെ ജി.വി.രാജ സ്പോർട്സ് സ്കൂളിന് വാങ്ങി നൽകിയിരുന്നു. സ്പോർട്സ് കിറ്റ് പദ്ധതി സംഘടിപ്പിക്കുന്നതിന്റെ ഭാഗമായി ഈ സാമ്പത്തിക വർഷം കേരള സംസ്ഥാന യുവജനക്ഷേമ ബോർഡിന്റെ ജില്ലാ യുവജനകേന്ദ്രങ്ങൾ മുഖേന യൂത്ത് ക്ലബ്ബുകളിൽനിന്നും സ്കൂളുകളിൽനിന്നും പത്രപരസ്യം മുഖേന അപേക്ഷ ക്ഷണിക്കുകയുണ്ടായി. ലഭിച്ച അപേക്ഷകൾ അതാത് ജില്ലാ ഓഫീസർമാർ പരിശോധിച്ച് യോഗ്യമായത് തെരഞ്ഞെടുത്ത് കേരള സംസ്ഥാന യുവജനക്ഷേമ ബോർഡിന്റെ സംസ്ഥാന ഓഫീസിൽ സമർപ്പിക്കുകയും ചെയ്തു. കായിക ഉപകരണങ്ങളുടെ വിതരണത്തിന് ഇ-ടെണ്ടർ മുഖേന മത്സര അടിസ്ഥാനത്തിൽ കമ്പനികളിൽനിന്നും ടെണ്ടറുകൾ ക്ഷണിക്കുകയുണ്ടായി. ടെണ്ടറുകളോടൊപ്പം വിവിധ കമ്പനികൾ സമർപ്പിച്ച കായികോപകരണങ്ങളുടെ സാമ്പിളുകൾ കേരള സ്പോർട്സ് കൗൺസിൽ സെക്രട്ടറി, ടെക്നിക്കൽ ഓഫീസർ, കോച്ചുകൾ (ഫുട്ബോൾ, ക്രിക്കറ്റ്, ബാഡ്മിന്റൺ) എന്നിവരടങ്ങിയ ടെക്നിക്കൽ കമ്മിറ്റി വിദഗ്ധമായി പരിശോധിക്കുകയും ഗുണയോഗ്യമായവ തെരഞ്ഞെടുക്കുകയും ആയത് കായിക യുവജനകാര്യ വകുപ്പ് ഡയറക്ടർ ചെയർമാനും, കേരള സ്പോർട്സ് കൗൺസിൽ സെക്രട്ടറി, ബോർഡിന്റെ എക്സ്പെർട്ട് മെമ്പർ, മെമ്പർ സെക്രട്ടറി എന്നിവർ അംഗങ്ങളുമായ പർച്ചേയ്സ് കമ്മിറ്റി അംഗീകരിക്കുകയും ചെയ്തു. അതിന്റെ അടിസ്ഥാനത്തിൽ ഗുണയോഗ്യമായ കായികോപകരണങ്ങൾ സമർപ്പിച്ച കമ്പനികൾക്ക് സപ്ലൈ ഓർഡർ നൽകുകയും എല്ലാ ജില്ലാ യുവജനകേന്ദ്രങ്ങളിലും പ്രസ്തുത കമ്പനികൾ കായികോപകരണങ്ങൾ വിതരണം ചെയ്യുകയും ചെയ്തു. YEAR-2015-ന്റെ ഭാഗമായി നടക്കുന്ന സംസ്ഥാനതല കായികോപകരണങ്ങളുടെ വിതരണ ഉദ്ഘാടനത്തിന് ശേഷം മറ്റ് എല്ലാ ജില്ലകളിലും ജില്ലാതലത്തിൽ സ്പോർട്സ് കിറ്റ് വിതരണം നടത്തുന്നതാണ്.

കറ്റകൃത്യങ്ങൾ തടയാൻ ബോധവത്കരണ പരിപാടികൾ

260(2467) ശ്രീ. റ്റി. യു. കരുവിള : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികവർഗ്ഗക്ഷേമവും യുവജനകാര്യവും കാഴ്ചബംഗ്ലാവുകളും മൃഗശാലകളും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വിദ്യാർത്ഥി-യുവജന വിഭാഗങ്ങളിൽ വളർന്നു വരുന്ന കറ്റകൃത്യങ്ങൾ തടയുവാൻ യുവജനക്ഷേമ വകുപ്പുവഴി ബോധവല്ക്കരണ പരിപാടികൾ സംഘടിപ്പിക്കുമോ; എങ്കിൽ വിശദാംശം ലഭ്യമാക്കുമോ;

LIBRARY ARCHIVES Kerala Legislative Assembly